പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1473

11.06.2019-ൽ മറുപടിയ്ക്ക്

## മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, വി.ആർ. സുനിൽ കുമാർ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി അവർക്ക് സാങ്കേതികപരിശീലനം നൽകുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി 9 മറൈൻ ജില്ലകളിലായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും യോഗ്യരായവരെ കണ്ടെത്തി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 7.15 കോടി രൂപയ്ക്ക് ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. ഒരു യൂണിറ്റിൽ 5 യാനങ്ങളും ഒരു യാനത്തിൽ 3 വീതം എന്ന കണക്കിന് 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഇങ്ങനെ 60 യൂണിറ്റുകളിലായി 900 മത്സ്യത്തൊഴിലാളികളും 300 യാനങ്ങളുമാണ് സജ്ജമാക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് വിദഗ്ധ പരിശീലനം നൽകി വരുന്നു. ഇതിനകം 317 പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. തെരഞ്ഞെടുത്ത യാനങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കും. ചുഴലികൊടുങ്കാറ്റ്, പ്രളയം പോലുള്ള ദുരന്തങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനാണ് ഇങ്ങനെ സ്ക്വാഡുകൾ പ്രവർത്തന സജ്ജമാക്കുന്നത്. |
| (ബി) | അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ അതിവേഗം രക്ഷിച്ച് കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനും സഹായകമായ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് കൊച്ചിൻ ഷിപ്പ് യാർഡുമായി 31/05/18-ന് ഫിഷറീസ് ഡയറക്ടർ കരാറിൽ ഒപ്പ |

| | | | |
|---|---|---|---|
| | | | വെയ്ക്കുകയും 3 മറൈൻ ആംബുലൻസുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 2019 നവംബർ മാസത്തോടെ ആദ്യ ആംബുലൻസിന്റെ നിർമ്മാണം പൂർത്തിയാകും. 2020 മാർച്ച് 31നകം മൂന്നു മറൈൻ ആംബുലൻസുകളും പ്രവർത്തന സജ്ജമാകും. |
| (സി) | പുതിയ മത്സ്യബന്ധനയാനങ്ങൾ വാങ്ങുന്നതിനായി സബ്സിഡി നൽകുന്നുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ; | (സി) | ഉണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ട് നഷ്ടമായ ബോട്ടുകളിലുണ്ടായിരുന്ന മത്സ്യത്തൊഴിലാളികൾക്ക് പുതിയ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും സബ്സിഡിയോടു കൂടി ലഭ്യമാക്കുന്നതിനായി 120 എഫ്.ആർ.പിബോട്ടുകൾ (മത്സ്യബന്ധനോപാധികളുൾപ്പെടെ) നൽകുന്ന പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബ്ലൂറെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി 40 ശതമാനം കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 200 എഫ്.ആർ.പി ബോട്ടുകൾ നൽകുന്ന പദ്ധതിയ്ക്കും ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ആയതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ടി പദ്ധതിയ്ക്കായി 412 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ സംസ്ഥാന വിഹിതം 73.12 ലക്ഷവും കേന്ദ്ര വിഹിതം 98.88 ലക്ഷവും ഗുണഭോക്തൃ വിഹിതം 240 ലക്ഷവുമാണ്. ഒരു എഫ്.ആർ.പി.ബോട്ടിന് 2 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടു കൂടി ബ്ലൂറെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | മൽസ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാവിവരങ്ങളും സമുദ്രത്തിലെ അപകടങ്ങളും മുൻകൂട്ടി അറിയിക്കുന്നതിനും അപകടസമയത്ത് രക്ഷാപ്രവർത്തനം നടത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (ഡി) | ഓഖി ദുരന്തത്തിന് ശേഷം മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഐ.എസ്.ആർ.ഒ.യുമായി ചേർന്ന് തീരത്തു നിന്നും 1500 കിലോമീറ്റർ വരെ അകലെ കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന നാവിക് എന്ന ഉപകരണം വികസിപ്പിച്ചെടുത്ത് കെൽട്രോണുമായി |

ചേർന്ന് ആയത് വ്യാവസായി കാടിസ്ഥാനത്തിൽ നിർമ്മിച്ച് മത്സ്യബന്ധന യാനങ്ങൾക്ക് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. കൂടാതെ ഇൻകോയിസ് വഴിയുളള മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നതിന് 14578 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ എൻ.ഐ.സി വികസിപ്പിച്ചെടുത്തിട്ടുളള സാഗര എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ മത്സ്യ ത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും അതിലെ തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സാധിക്കും. അതിലൂടെ അപകടഘട്ടങ്ങളിൽ കടലിൽ അകപ്പെട്ടുപോയ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ വേഗത്തിൽ കണ്ടുപിടിക്കുന്നതിനും രക്ഷാപ്രവർത്തനം വേഗത്തിൽ നടത്തുന്ന തിനും സാധിക്കുന്നു. കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനും സഹായകമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിച്ച് വാങ്ങുന്നതിന് ഫിഷറീസ് ഡയറക്ടർ കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 2019 നവംബർ മാസത്തോടു കൂടി ആദ്യ മറൈൻ ആംബുലൻസിന്റെ നിർമ്മാണം പൂർത്തിയാകും. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി 9 മറൈൻ ജില്ലകളിലായി 60 മത്സ്യഗ്രാമങ്ങളിൽ നിന്ന് 900 മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ചാണ് വിദഗ്ധ പരിശീലനം നൽകുന്നത്. 317 പേരുടെ പരിശീലനം പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ